IV സബ്മിഷൻ

(1) അനധികൃത പാറ ഖനനം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിൽ പാറശ്ശാല മുതൽ കാസർഗോഡുവരെ അനധികൃത പാറ ഖനനം നടന്നു കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ കാലാവസ്ഥയും ജീവിത സാഹചര്യവും പരിസ്ഥിതിയും നിയന്ത്രിക്കുന്ന സഹ്യപർവ്വതത്തിന്റെ അടിവാരം മുഴുവൻ അനധികൃത പാറ ഖനനക്കാർ തുരന്നുകൊണ്ടിരിക്കുകയാണ്. ഇത് നമ്മുടെ പരിസ്ഥിതിക്ക് ഗുരുതരമായ ആഘാതമാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഇത്തരം അനധികൃത പാറഖനനംമൂലം ക്വാറികളുടെ സമീപത്ത് താമസിക്കുന്നവരുടെ വീടുകൾക്ക് അപരിഹാര്യമായ നാശനഷ്ടങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പൊടിപടലങ്ങൾ ഉണ്ടാക്കുന്ന വായു-ജല മലിനീകരണംമൂലം ക്യാൻസർ, ശ്വാസകോശ രോഗങ്ങൾ തുടങ്ങിയ മാരക രോഗങ്ങളാൽ അവിടെയുള്ള ആളുകൾ കഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ക്വാറിയിലേക്കുള്ള വാഹനങ്ങളുടെ നിരന്തരമായ സഞ്ചാരംമൂലം റോഡുകളെല്ലാം പൊട്ടിപ്പൊളിഞ്ഞ് കുഴികളായി മാറിയിരിക്കുകയാണ്. ഈ വഴിയിലൂടെ പരിസര വാസികൾക്കുള്ള യാത്ര തീർത്തും ദുഃസഹമാണ്. ഇക്കാര്യങ്ങൾക്കെല്ലാം അടിയന്തര പരിഹാരം കണ്ടെത്താൻ കഴിയണം. അത് കഴിഞ്ഞേ മതിയാകൂ. തിരുവനന്തപുരത്ത് മുക്കുന്നിമലയിലും എറണാകുളം ജില്ലയിൽ ആലുവ താലൂക്കിലെ അയ്യമ്പുഴ വില്ലേജിലും ഇത്തരത്തിലുള്ള അനധികൃത പാറ ഖനനത്തിനെതിരെ നാട്ടുകാർ ശക്തമായ ചെറുത്തുനില്പാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരം ചെറുത്തുനില്പുകാരെ സർക്കാരിന്റെ ഒത്താശയോടെ പ്രമാണിമാരായ മുതലാളിമാരും രാഷ്ട്രീയ നേതാക്കളും കള്ളക്കേസിൽ ഉൾപ്പെടുത്തുകയും ശാരീരികമായി പീഡിപ്പിക്കുകയും ചെയ്യുകയാണ്. അനധികൃത പാറഖനനത്തിലൂടെ സമ്പാദിക്കുന്ന കോടിക്കണക്കിന് രൂപ സമരങ്ങൾ അടിച്ചൊതുക്കുന്നതിന് ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ ഇത്തരം സംഭവങ്ങൾക്കാധാരമായ വിഷയങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനും അനധികൃത പാറഖനനം അവസാനിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും ഖനനം നടക്കുന്ന സ്ഥലത്തെ ജനങ്ങളുടെ പ്രതിനിധികളെ വിളിച്ചുകൂട്ടി പ്രശ്നപരിഹാരത്തിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും ഞാൻ ഗവൺമെന്റിനോട് ശക്തിയായി ആവശ്യപ്പെടുകയാണ്. കിഴക്കൻ മലമേഖലയിലുള്ള സഹ്യപർവ്വതം സംരക്ഷിക്കണമെന്നും ഞാൻ വിനീതമായി അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിൽ ഒരു സാമൂഹ്യപ്രശ്നമുണ്ട്. അതോടൊപ്പംതന്നെ കൺസൂക്ഷനുമായി ബന്ധപ്പെട്ട ഒരു പ്രശ്നവുമുണ്ട്. സാമൂഹ്യപ്രശ്നം അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. അതിന്മേലെടുക്കേണ്ട മുൻകരുതലുകളെല്ലാം കൃത്യമായി ചെയ്യണം. 6 ലൈസൻസുകൾ ഇതിനുവേണമെന്നാണ് ഗവൺമെന്റ് നിബന്ധന വച്ചിട്ടുള്ളത്. അങ്ങനെ 6 ലൈസൻസുകളുള്ള ആളുകൾക്കുമാത്രമേ ഒരു ക്വാറി നടത്താനുള്ള അവകാശമുണ്ടാവുകയുള്ളൂ. ഇതൊക്കെയാണെങ്കിൽപ്പോലും അവിടെ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റേയും റവന്യൂ വകുപ്പിന്റേയും ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ടുമെന്റിന്റേയും പഞ്ചായത്തിന്റേയുമൊക്കെ എൻവയോൺമെന്റ് ക്ലിയറൻസുണ്ടെങ്കിൽ മാത്രമേ നിയമപരമായി ഒരു ക്വാറി നടത്താൻ കഴിയൂ. അങ്ങ് ഇവിടെ സൂചിപ്പിച്ച മുക്കുന്നിമലയിൽ റബ്ബർ കൃഷി നടത്തുന്ന 350 ഏക്കർ സ്ഥലം 90 ആളുകൾക്കായി പതിച്ചുകൊടുത്തിരുന്നതാണ്. 14 ക്വാറികളും 17 പെർമിറ്റ് ക്വാറികളും ഇപ്പോൾ നിലവിലുണ്ട്. കൂടാതെ മറ്റുചില അനധികൃത ക്വാറികൾ ഉള്ളതായ പരാതിയും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ 20 ക്വാറികൾക്കും 8 ക്രഷർ യൂണിറ്റുകൾക്കും പള്ളിച്ചൽ ഗ്രാമപഞ്ചായത്തുതന്നെ ലൈസൻസ് കൊടുത്തിട്ടുണ്ട്. അങ്ങനെ അവിടെ അധികൃതമായിട്ടുള്ളതും അനധികൃതമായിട്ടുള്ളതുമായ ക്വാറികളുണ്ട്. അനധികൃതമായ ക്വാറികൾക്കെതിരെ ചില നടപടികൾ നടന്നിട്ടുണ്ട്. അവിടെ എല്ലാ രാഷ്ട്രീയ പാർട്ടിയിലുംപെട്ട ആളുകളുമായി ചേർന്ന് ഗ്രാമസഭ നേരത്തെ ഒരു യോഗംകൂടി ചില പ്രൊപ്പോസലുകൾ എടുത്തിരുന്നു. അതിനുപുറമെ പഞ്ചായത്ത് കമ്മിറ്റി കൂടി ആ കമ്മിറ്റിയുടെ ഒരു പൊതു നിർദ്ദേശവും ഗവൺമെന്റിന്റെ മുമ്പിലുണ്ട്. ഇതുകൂടാതെ പരാതികൾ വന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഒരു യോഗം വിളിച്ചുകൂട്ടി ചില നിബന്ധനകൾ വേണമെന്ന് നിഷ്കർഷിക്കുന്ന ഒരു നിലപാടുണ്ടായിരുന്നു. അതോടൊപ്പം തന്നെ നമ്മുടെ കൺസൂക്ഷൻ വർക്ക് നിന്നു പോകാതിരിക്കുന്നതിനു വേണ്ടിയുള്ള ചില നടപടികൾകൂടി വേണം. ഇക്കാര്യത്തിൽ പ്രാകൃതികലായ ഒരു സമീപനമാണ് വേണ്ടത്. അനധികൃതമായിട്ടുള്ള ക്വാറികളൊന്നും സാധ്യമല്ല. ഇപ്പോൾ ഗ്രീൻ ട്രിബ്യൂണലിന്റെ തീരുമാനമനുസരിച്ച് ക്വാറികൾക്ക് എൻവയോൺമെന്റൽ ക്ലിയറൻസ് വേണമെന്ന് പറഞ്ഞിട്ടുണ്ട്. ഗവൺമെന്റ് ഓരോന്നായി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം കൂടി ശ്രദ്ധയിൽവച്ച്, നിയമപരമായി ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന മാക്സിമം കാര്യങ്ങൾ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly